"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- പ്ലാനിംഗ് വിഭാഗം - ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി.ഗീതമ്മ-.എസ് - ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2646/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/12/2021

---

പരാമർശം:-
1. 20.05.2020 തീയതിയിലെ സ.ഉ(സാധാ) നം.927/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. മുഖ്യനഗരാസൂത്രകന്റെ 08.11.2021 ലെ TCPCTP/1025/2021 -A3 നമ്പർ കത്ത്.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 24.06.2021 ലെ GE11/A/181 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് 03.06.2020 പൂർവാഹ്നം പ്രാബല്യത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.ഗീതമ്മ-.എസ് , ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം പൂർത്തിയായിട്ടുള്ളതായും ടിയാരിയുടെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. നിരീക്ഷണ കാലയളവിൽ ശ്രീമതി.ഗീതമ്മ-.എസ്-ന്റെ പേരിൽ വിജിലൻസ് കേസോ മറ്റ് അച്ചടക്ക നടപടികളോ ഒന്നും തന്നെ നിലവിലില്ലായെന്നും മുഖ്യ നഗരാസൂത്രകൻ (വിജിലൻസ്) റിപ്പോർട്ട് ചെയ്തിരുന്നു.

2.ടിയാൻ നിരീക്ഷണകാലത്തെ ബാധിക്കുന്ന തരത്തിൽ അവധികളൊന്നും വിനിയോഗിച്ചിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 03.06.2020 പൂർവാഹ്നം ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.ഗീതമ്മ-.എസ്-ന്റെ ടി തസ്തികയിലെ നിരീക്ഷണകാലം കെ.എസ്.&എസ്.എസ്ആർ റൂൾ 20 (ബി) പ്രകാരം 03.12.2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

 പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി.ഗീതമ്മ-.എസ്. ഡെപ്യൂട്ടി ടൗൺ പ്ലാനർ (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/235/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ